LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സേനയിലെ സ്ഥലംമാറ്റത്തിനുള്ള പുതിയ മാനദണ്ഡങ്ങൾ

200 (6349) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് സേനയിലെ സ്ഥലംമാറ്റത്തിന് ഒരു സ്ഥലത്ത് കുറഞ്ഞത് മൂന്ന് വർഷത്തെ സേവനം വേണമെന്ന് വ്യവസ്ഥയുണ്ടോ ?

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം വർഷത്തിൽ ഒരിക്കൽ സ്ഥലംമാറ്റം നടത്താവുന്നതാണ്. മൂന്ന് വർഷക്കാലം ഒരേസ്റ്റേഷനിൽ ജോലി ചെയ്തിട്ടുള്ളവരെ അവർ നൽകിയ ഓപ്ഷനുകളുടെ മുൻഗണനാക്രമത്തിൽ സ്ഥലം മാറ്റാവുന്നതാണ്. ഒരു ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു ഉദ്യോഗസ്ഥനെ മാറ്റേണ്ടതായി സർക്കാരിനോ, വകുപ്പ് മേലധികാരിക്കോ ബോദ്ധ്യം വന്നാൽ അക്കാര്യം സ്ഥലംമാറ്റ ഉത്തരവിൽ സൂചിപ്പിച്ചുകൊണ്ട് സ്ഥലം മാറ്റം നടത്താവുന്നതാണ്. ഇതിനു പുറമെ സ്ഥലംമാറ്റ കാര്യങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന തത്വങ്ങൾ കൃത്യമായി പാലിക്കണമെന്നും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

വനിതാ പോലീസ് സേന

201 (6350) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ പോലീസ് സേനയെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇതിനായി സേനയിലെ വനിതാ പ്രാതിനിധ്യം നിശ്ചിത ശതമാനമാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) വനിതാ പ്രാതിനിധ്യം ഏർപ്പെടുത്തുമ്പോൾ ഏതൊക്കെ തസ്തികകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?